കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 ഫെബ്രുവരി 21, തിങ്കൾ

വാല്യം: 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2000 ഫെബ്രുവരി മാസം 21-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ...ഓർഡർ...ചോദ്യം നമ്പർ (*1) ഉം (*9) ഉം.

ജനകീയ പോലീസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

1 (*1) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഭരണം ജനകീയമാക്കുന്നതിന് ഉദ്ദേശിച്ച് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി നിയമഭേദഗതികൾ എന്തെങ്കിലും വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ജനകീയപോലീസ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുമുമ്പ് സംസ്ഥാനത്തെ മുഴുവൻ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായും വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികളുമായും ചർച്ച ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇക്കാര്യത്തിൽ ഏതെല്ലാം തലത്തിൽ ചർച്ച നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഇതു സംബന്ധിച്ച് ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ;

(എഫ്) പുതിയ പദ്ധതിക്ക് നിയമ വകുപ്പിൽ നിന്നുള്ള നിയമോപദേശം തേടിയിരുന്നുവോ ; ജുഡീഷ്യറിയുടെ നിർദ്ദേശമെന്തെങ്കിലും ഇക്കാര്യത്തിൽ ആവശ്യപ്പെട്ടിരുന്നോ ; അത് ലഭിച്ചിട്ടുണ്ടോ ;

(ജി) ഗവൺമെന്റ് തലത്തിൽ ഏതെങ്കിലും വകുപ്പുകളുമായി ഇക്കാര്യത്തിൽ ആശയവിനിമയം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(എച്ച്) ഈ പദ്ധതി എന്ന് നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഐ) ജനകീയ പോലീസ് പദ്ധതിക്ക് നിയമ സാധുത ഉറപ്പുവരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ) പൊതുജനങ്ങളുടെ സഹകരണത്തോടെ പോലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പോലീസും ജനങ്ങളുമായുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഉദ്ദശിച്ചുകൊണ്ട് കേരള പീപ്പിൾസ് പോലീസ് സ്കീം എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നു. പോലീസിൽ നിന്ന് ജനങ്ങൾക്ക് സഹായം ലഭിക്കുന്നതിനും ജനങ്ങളിൽ നിന്നും പോലീസിന് കുറ്റകൃത്യസംബന്ധമായ വിവരം ലഭിക്കുന്നതിനും അതുവഴി കുറ്റകൃത്യങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനും കുറ്റാന്വേഷണത്തിന്റെ വേഗത ത്വരിതപ്പെടുത്തുന്നതിനും സഹായിക്കും. അഴിമതി കൈക്കൂലി എന്നിവയ്ക്കുള്ള പഴുതുകൾ അടയ്ക്കുന്നതിനും ഇത് സഹായിക്കും.

(ബി) നിലവിലുള്ള നിയമങ്ങളുടെ പരിധിക്കകത്തുനിന്നുകൊണ്ട് തന്നെയാണ് പുതിയ പദ്ധതി നടപ്പിലാക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(സി) കേരള പീപ്പിൾസ് പോലീസ് സ്കീം നടപ്പിലാക്കുന്നതിനു മുൻപ് വിവിധവും ആഴത്തിലുമുള്ള ചർച്ച നടക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനാലാണ് അന്തിമ തീരുമാനമെടുക്കുന്നതിനു മുൻപ് പദ്ധതിയുടെ കരട് രൂപം പ്രഖ്യാപിച്ചത്.

(ഡി) ഇപ്പോൾ തയ്യാറാക്കിയ കരട് പദ്ധതിയെക്കുറിച്ച് വിവിധ തലത്തിലുള്ള ചർച്ചകളും പരിശോധനകളും നടന്നുവരികയാണ്.

(ഇ-എച്ച്) വിവിധ തലങ്ങളിലുള്ള ചർച്ചകൾക്കുശേഷം ഏപ്രിൽ മാസത്തോടുകൂടി പദ്ധതിക്ക് അന്തിമ രൂപം നൽകാനും 2000 മേയ്-2 മുതൽ നടപ്പിലാക്കാമെന്നുമാണ് ഉദ്ദേശിക്കുന്നത്.

(ഐ) കേരള പീപ്പിൾസ് പോലീസ് പദ്ധതി നിയമ സാധുതയോടെ നടപ്പിലാക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly